**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5331** **15-03-2023 - ൽ മറുപടിയ്ക്ക്**

**കർഷക കടാശ്വാസ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസമായി അനുവദിച്ച തുക ബാങ്കുകൾക്ക് കൈമാറാത്തതിനാൽ കർഷകർ അവരുടെ വിഹിതം അടച്ചിട്ടും ബാങ്കുകൾ പണയ ഉരുപ്പടികൾ തിരികെ നൽകാത്തത് സംബന്ധിച്ച് എത്ര കേസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ 2 കോടതി കേസുകൾ നിലവിലുണ്ട്. ഇതിനുപുറമെ കണ്ണൂർ ജില്ലയിൽ കൊളക്കാട് സർവ്വീസ് സഹകരണ ബാങ്ക് പണയ ഉരുപ്പടികൾ തിരികെ നൽകാത്തത് സംബന്ധിച്ച് 6 പരാതികൾ നിലവിലുണ്ടെന്ന് കണ്ണൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) അറിയിച്ചിട്ടുണ്ട്. |
| (ബി) | കർഷക കടാശ്വാസ കമ്മീഷൻ ഏത് വർഷം മുതൽ അനുവദിച്ച തുകയാണ് ബാങ്കുകൾക്ക് കൈമാറാൻ ഉള്ളതെന്നും എത്ര തുക കൈമാറി നൽകുവാനുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | 2019 ജൂലൈ മുതലുള്ള കർഷക കടാശ്വാസ കമ്മീഷൻ ശിപാർശകളിൽ തുക അനുവദിക്കാനുണ്ട്. എന്നാൽ കടാശ്വാസ കമ്മീഷനിൽ നിന്നും ലഭ്യമാകുന്ന അന്തിമ ഉത്തരവുകളിൽ സഹകരണ സംഘം രജിസ്ട്രാറുടെ വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കടാശ്വാസ തുക അനുവദിക്കുന്നത്. ഇപ്രകാരം വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമാക്കിയ 2022 ജൂൺ വരെയുള്ള അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. 2022 ജൂലൈ മുതൽ ലഭിച്ച വെരിഫിക്കേഷൻ പൂർത്തിയായ 8349 അപേക്ഷകളിന്മേൽ 74,83,56,933/- രൂപ കടാശ്വാസമായി അനുവദിക്കാനുണ്ട്. |
| (സി) | കഴിഞ്ഞ ഒരു വർഷത്തിലധികമായി പുതിയ അപേക്ഷകൾ കർഷക കടാശ്വാസ കമ്മീഷൻ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (സി) | 01-01-2023 മുതൽ 30-06-2023 വരെ കടാശ്വാസ അപേക്ഷകൾ സ്വീകരിക്കാൻ കമ്മീഷന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവനുസരിച്ച് നിലവിൽ കമ്മീഷനിൽ പുതിയ അപേക്ഷകൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ